
# ഗവ : എച്ച് . എസ് . എസ് നെയ്യാറ്റിൻകര



# മുഖമൊഴി



പ്രിയരെ,

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയുടെ ലോകത്തിലേക്കുള്ള ഡിജിറ്റൽ കവാടമാണ് ` മിഴി ' എന്ന ഈ മാഗസിൻ. ഞങ്ങളുടെ അധ്യാപകരുടെയും കൂട്ടുകാരുടെയും സാഹിത്യരചനകളും, നൂതന ആശയങ്ങളും, സ്കൂളിന്റെ അക്കാദമിക മികവുകളും, വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങളും നിങ്ങളുടെ വിരൽത്തുമ്പിൽ എത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. സാങ്കേതിക വിദ്യയുടെ മികവിന്റെ ലോകത്തേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു. നിങ്ങളുടെ പിന്തുണയാണ് ഞങ്ങൾക്ക് പ്രചോദനം.

എന്ന് സ്നേഹപൂർവ്വം,

ചീഫ് എഡിറ്റർ
റോഷിത് എസ് സുനിൽ

# സബ് എഡിറ്റേർസ്



എബിൻ ജോൺ ആർ



അഭിനവ് ഗോപി



നിരഞ്ജന എസ് അനീഷ്


# ഹെഡ്മാസ്റ്റർ സംസാരിക്കുന്നു......



## ശ്രീ ജ്യോതിഷ് സർ

നെയ്യാറ്റിൻകര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. കുട്ടികളുടെ കലാപ്രതിഭ പരിപോഷിപ്പിക്കുന്നതിൽ ഈ ഉദ്യമം ഒരു മുതൽക്കൂട്ടാകും എന്നതിൽ സംശയമില്ല. ഡിജിറ്റൽ മാഗസിൻ പ്രവർത്തനത്തിൽ പങ്കാളികളായ എല്ലാ കുട്ടികൾക്കും അവരെ പ്രോത്സാഹിപ്പിച്ച അദ്ധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

# പി. റ്റി. എ പ്രസിഡന്റ് സംസാരിക്കുന്നു......



## ശ്രീ. സാബു വി

നെയ്യാറ്റിൻകര ഗവൺമെന്റ് എച്ച് . എസ് . എസിൽ, ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ 'മിഴി' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന വിവരം അറിയാൻ കഴിഞ്ഞു . ഇത്തരത്തിൽ ഉള്ള പ്രവർത്തനങ്ങൾ ഇനിയും ഏറ്റെടുക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

# കൈറ്റ് മിസ്ട്രസുമാർ



## ഞങ്ങളുടെ പ്രീയപ്പെട്ട ഷേഖ ടീച്ചറും ശൈലജ ടീച്ചറും.

# ഉള്ളടക്കം


1. കാവ്യം ........ 8
2. ഇമ ചിമ്മാതെ ........ 9
3. കൃത്രിമ ബുദ്ധിയുടെ വളർച്ച ........ 10
4. വിസ്മൃതിയുടെ പാർക്ക് ........ 12
5. റിസപ്ഷൻ ........ 14
6. മില്ലുവിന്റെയും കൂട്ടുകാരുടെയും തെറ്റ് ........ 18
7. വിഷുക്കണി ........ 20
8. രണ്ട് സുഹൃത്തുക്കൾ ........ 22
9. മലിന ഭൂമി ........ 24
10. കൂട്ടുകാർ വരച്ച ചിത്രങ്ങൾ ........ 25
11. SSLC Result 2024 – 25 ........ 27
12. USS Result 2024 – 25 ........ 28
13. ലിറ്റിൽ കൈറ്റ്സ് നേട്ടം ........ 29
14. ചെസ്സിൽ നേട്ടവുമായി സന്തോഷ് ബി ഷിബു ........ 30
15. Little Kites 2024 – 27 Batch ........ 31
16. Little Kites 2023 – 26 Batch ........ 31
17. Little Kites 2022 – 25 Batch ........ 32
18. SPC Cadets 2023 – 26 Batch ........ 33
19. NCC Cadets 2023 – 26 Batch ........ 34
20. പ്രവേശനോത്സവം 2024 – 25 ........ 35
21. സ്കൂൾ അസംബ്ലി ........ 36
22. സ്കൂൾ കലോത്സവം ........ 37
23. School Olympics ........ 38
24. പരിസ്ഥിതി ദിനാഘോഷം ........ 40
25. പോസ്റ്റർ രചനാ മത്സരവും പ്രദർശനവും ........ 41
26. കേരളപിറവി ദിനാഘോഷം ........ 43
27. നന്ദി ........ 44

# കാവ്യം

ഒരുകൊച്ചു സ്വപ്നം പോലെ
ഒരു കുന്നു പുഷ്പം പോലെ
നീയൊന്നു കേട്ടു... കാവ്യമേ...
വഴികളിൽ ഞാൻ വെറുതേ നിന്നു
നിന്നെയൊന്നു കാണാൻ വേണ്ടി
ഒരുമാത്രകണ്ടു നിന്നെ ഞാൻ
കടലാസിൽ എഴുതിയ വരികൾ
കാലത്തിൻ കൈകളിൽ പെട്ടു
ഹൃദയത്തിൽ ഉദയം കൊണ്ടു
കാവ്യത്തിൻ മകളെ പോലെ
ചെറുപുഴയുടെ നാദം പോലെ
ചെറുകാറ്റിൻ സ്പർശം പോലെ
നിറയുന്നു മനസ്സിൽ... മൗനമായ്
കടലാസിൽ ഉയരും കാവ്യം കാലത്തിൽ നിറയും നാട്യം
ഹൃദയത്തിൽനിന്നും... പ്രഭാതം...
മാനത്തെ മിന്നുംനാദം
മഴയത്തെ തീരാനാദം
ചിത്തത്തിൽ ഉണരും ഗീതമായ് ...
മൗനമായ് ... പ്രണയമായ്...
കാവ്യമായ് ...



അഭിനവ് ഗോപി
ക്ലാസ്സ് : 8

# ഇമ ചിമ്മാതെ.....

-------------------------

തിരി മെല്ലെത്താഴ്ത്താം,
ഉടലുറവ് തേടാം ,
കിനാവിന്റെ മായിക -
ച്ചന്തം നിറയ്ക്കാം
നിലാവിന്റെ കാതര
ഭാവം നുണയാം !
ചെപ്പിലൊതുക്കി നീ
ചേർത്തതെല്ലാം
ആത്മാവു കൊണ്ടു ഞാൻ തൊട്ടെടുക്കാം !
പറയാതിരുന്നവ
പകരമായ് നൽകാം ,
നനയാതിരുന്നൊരാ
മഴ നനയാം !
പതിരറ്റ മൊഴികളാ-
ലുടൽ പുതയ്ക്കാം..
പകൽ തിന്നു ചീർത്തൊരു
പക മറക്കാം..
പലവട്ടം തീണ്ടിയ
മുറിവുണക്കാം..
പ്രാണന്റെ നോവിലുറങ്ങുവോളം
കണ്ണിണ ചിമ്മാതെ
കാവൽ നിൽക്കാം !



- പ്രദീപ് ആനന്ദ് -

# കൃത്രിമ ബുദ്ധിയുടെ വളർച്ച

കൃത്രിമ ബുദ്ധി (എ ഐ) എന്നത് കംപ്യൂട്ടറുകൾക്കും മറ്റ് ഉപകരണങ്ങൾക്കും മനുഷ്യനെ പോലെ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ് നൽകുന്ന സാങ്കേതികവിദ്യയാണ് . 1950-കളിലാണ് കൃത്രിമ ബുദ്ധിയുടെ ആശയം ആദ്യമായി പരിചയപ്പെട്ടത് . അലൻ ട്യൂറിങ്ങിന്റെ ടെസ്റ്റും ജോൺ മക്കാർത്തി രൂപകല്പന ചെയ്ത 'കൃത്രിമ ബുദ്ധി'എന്ന പദവുമാണ് ഈ രംഗത്തിന്റെ തുടക്കം. തുടക്കത്തിൽ കൃത്രിമ ബുദ്ധിയുടെ വളർച്ച സാവധാനം ആയിരുന്നു എങ്കിലും കണക്കുകൂട്ടൽ ശേഷിയുടെ വളർച്ചയും ഡാറ്റ ശേഖരണ സംവിധാനങ്ങളുടെ മെച്ചപ്പെടലും ഈ രംഗത്ത് വേഗത്തിലുള്ള വളർച്ച സാധ്യമാക്കി. എ ഐയുടെ വളർച്ച വളരെ വേഗത്തിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇന്ന് എഐ ഉപയോഗം വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു. ഉദാഹരണത്തിന് വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങിയവ-

<u>ആരോഗ്യം :</u> രോഗനിർണയത്തിനും ചികിത്സാ മാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും എഐ വ്യപകമായി ഉപയോഗിക്കുന്നു.

<u>വ്യാപാരവും സാമ്പത്തികവും :</u> ഉപഭോക്താവിന്റെ സ്വഭാവം അനുസരിച്ചുള്ള ഉൽപ്പന്ന നിർദ്ദേശങ്ങൾ,ഓൺലൈൻ ഷോപ്പിംഗ് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിന് എ ഐ സഹായിക്കുന്നു.

<u>ഗതാഗതം :</u> സ്വയം ഓടിക്കുന്ന വാഹനങ്ങൾ,ഗതാഗത നിയന്ത്രണ സംവിധാനങ്ങൾ എന്നിവ കൃത്രിമ ബുദ്ധിയുടെ ഉദാഹരണങ്ങളാണ്

<u>വിദ്യാഭ്യാസം :</u> ഇ-ലേർണിംഗ് പ്ലാറ്റ്ഫോമുകൾക്ക് വ്യക്തിഗത പഠന അനുഭവം നൽകുന്നതിൽ എഐ പ്രധാന പങ്കുവഹിക്കുന്നു.

എഐയുടെ വളർച്ചയ്ക്ക് പല കാരണങ്ങളുണ്ട് . ഒന്ന് കംപ്യൂട്ടറുകളുടെ ശക്തി വർധിച്ചു, അത് കൂടുതൽ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ അനുവദിക്കുന്നു, രണ്ട് – ഡാറ്റ ശേഖരണവും പ്രോസസിംഗ് സാങ്കേതികവിദ്യകളും മെച്ചപ്പെട്ടു.

<u>ആശങ്കകളും പരിമിതികളും</u> – കൃത്രിമ ബുദ്ധിയുടെ വളർച്ചയിൽ മനുഷ്യസമൂഹം ഇന്ന് വലിയ ആശങ്കകളിലാണ് . തൊഴിലവസരങ്ങൾ കുറഞ്ഞേക്കുമോ? വ്യക്തിഗത പൈസയ്ക്ക് ഭീഷണിയുണ്ടോ? തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നു. അതുപോലെതന്നെ എഐ ഉപയോഗിച്ച് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതും ഒരു പ്രധാന വെല്ലുവിളിയാണ്. കൃത്രിമ ബുദ്ധി എന്ന സാങ്കേതികവിദ്യ മനുഷ്യജീവിതത്തെ ഗുണപരമായി മാറ്റുന്നതിനോടൊപ്പം വലിയ ഉത്തരവാദിത്വവും ആവശ്യപെടുന്നു. ഇതിന്റെ ഉപയോഗത്തിൽ മനുഷ്യൻ ബുദ്ധിപരമായും ജാഗ്രതയോടെയും പ്രവർത്തിക്കേണ്ടതാണ് . സമഗ്രമായ വിദ്യയിലൂടെ എഐയുടെ സാധ്യതകളെ മനസിലാക്കി ഇതിന്റെ വളർച്ച ചിട്ടയോടെ നിയന്ത്രിക്കുന്നത് സമുഹത്തിന് ഏറെ ഗുണകരമാകും.



നിരഞ്ജന എസ് അനീഷ്
ക്ലാസ്സ് : 8

# വിസ്മൃതിയുടെ പാർക്ക്

രാഹുൽ, പത്താം ക്ലാസ്സുകാരൻ. നല്ലബുദ്ധിയും, സ്നേഹസമ്പന്നനുമായ ഒരു ചെറുപ്രായക്കാരൻ. പക്ഷേ ഇന്ന് അവന്റെ ലോകം ഒരു ചെറിയ സ്ക്രീനിന്റെ അകത്താണ്. രാവിലെ ഉണരുമ്പോഴും ഉറങ്ങുന്നതിന് മുമ്പും, രാഹുലിന്റെ കണ്ണുകൾ ആ മൊബൈലിനകത്തു തന്നെയാണ്. അമ്മ മീരയ്ക്ക് ഇതൊക്കെ കണ്ടു നിൽക്കാൻ വയ്യാത്ത അവസ്ഥ ആയിരുന്നു. ഒരിക്കൽ അവൾ ആശങ്കയോടെ ചോദിച്ചു:

"മോനേ, നിനക്ക് കുട്ടിക്കാലത്തെ പാർക്ക് ഓർമ്മയുണ്ടോ?"

"അമ്മേ, അവിടെ വച്ചുള്ള ഓർമ്മകൾ ഓൺലൈൻ പോസ്റ്റാക്കാൻ പറ്റില്ലല്ലോ," എന്നായിരുന്നു അവന്റെ ശീതള മറുപടി.

ഒരിക്കൽ ശക്തമായ മഴയും കാറ്റും കൊണ്ട് കറന്റ്പോയി – ആ ദിവസം വൈഫൈ നെറ്റ്വർക്ക് ഇല്ല, മൊബൈലിൽ പോലും ബാറ്ററി തീർന്നപ്പോൾ രാഹുൽ മാനസികമായി തളർന്നു നിന്നു.

വീട്ടുകാർ മുഴുവൻ ഉറങ്ങിയശേഷം, രാഹുൽ മുറിയുടെ ജനൽ തുറന്നു. പുറത്ത് ശാന്തമായ രാത്രിയിലേയ്ക്ക് അവൻ നോക്കി.

നക്ഷത്രങ്ങൾ നിഴൽവെച്ച ചിറകുകൾ പോലെ മിന്നുന്നു. അപ്പോൾ അവന് ഓർമ്മ വന്നു. പത്തൊമ്പതാം മൈതാനത്ത് അവൻ കുറച്ചുകാലം മുമ്പ് പന്ത് കളിച്ചപ്പോൾ വീണതും പിന്നെ ചിരിച്ചുവീണ സുഹൃത്തുക്കളും. അടുത്ത ദിവസം പകൽ, ഒന്നാം ക്ലാസുകാരിയായ അയൽവാസി ദിയ പാർക്കിൽ ഒറ്റയ്ക്ക് പന്ത് കളിച്ചു നിന്നിരുന്നു. രാഹുൽ കടന്നു ചെന്നു.

"ദിയേ... ഒന്ന് കളിക്കാമോ?" അവളത് വിശ്വസിച്ചില്ല.

"ചേട്ടാ, നിങ്ങളോ...?!"

"അതെ... നീ ഓടികയറുന്ന വഴി ഞാൻ പെട്ടെന്നു മറന്നുപോയി."

അന്ന് അവർ ഒറ്റയ്ക്കല്ലായിരുന്നു. പതിറ്റാണ്ട് പഴയ ഒരു ചിരി,

മിതമായ സൂര്യപ്രകാശം, ആ പഴയ മരത്തിന്റെ തണൽ —
എല്ലാം തിരിച്ചു വന്നു. വൈകുന്നേരം, രാഹുൽ ഒരു വീഡിയോ
പോസ്റ്റ് ചെയ്തു:
" ഒരു ദിവസത്തേക്ക് ഫോണും ഹാഷ്ടാഗും വച്ചിട്ട്,
കുട്ടിക്കാലത്തെ ഓർമ്മകളിലേക്കൊരു തിരിച്ചു നടപ്പ്.
നിങ്ങൾക്കും ശ്രമിക്കാമല്ലോ?"
പാടത്ത് കളിച്ചു നടക്കേണ്ട നമ്മൾ നാലു ചുവരുകൾക്കുള്ളിൽ
ഫോൺ എന്ന ലഹരിയിൽ അകപ്പെട്ടു പോയിരിക്കുന്നു.
ഇതിൽനിന്ന് ഒരു തിരിച്ചുവരവിന് നമുക്ക് ഒരുമിച്ച് നിൽക്കാം.
ഒരുമയോടെ പറയാം ഫോൺ നമുക്ക് ആവശ്യത്തിന് മാത്രം മതി.
പഴയ കളികളുടെ രസം നമുക്ക് ഒരുമിച്ച് തിരിച്ചുപിടിക്കാം



ഭദ്ര എ.ആർ
ക്ലാസ്സ് :

# റിസപ്ഷൻ

## കഥ – ശ്രീജ ബിശ്വാസ്



സരയു ഒരാഴ്ച്ചയായി റിസപ്ഷനു പോകാനുള്ള തയാറെടുപ്പിലാണ്. പട്ടുസാരിയുടുക്കണോ, ലാച്ചയിടണോ, അതോ ലഹങ്കയാണോ നല്ലത്?

ഒരു തീരുമാനമാകാതെയവൾ കുഴങ്ങുന്നതുകണ്ട് രതീഷിനുചിരി വന്നു.

" രതീഷേട്ടാ സാരിയാണോ ലഹങ്കയാണോ നല്ലത്?"

" നമുക്ക് ജ്യോത്സ്യനോട്ടു ചോദിച്ചാലോ?" എന്നു രതീഷ് .

സരയു: " തമാശകളഞ്ഞിട്ടൊന്നു പറയുമോ?"

" രണ്ടും നല്ലതു തന്നെ എങ്കിലും ലഹങ്കയാണ് റിസപ്ഷന് കൂടുതൽ യോജിക്കുന്നത്."

കാഞ്ചീപുരം സാരിയാകുമ്പോൾ പൂവും,
ഓർണമെൻസുമൊക്കെ നന്നായി ചേരും അതുകൊണ്ട്
സാരിയുടുക്കാമെന്ന്
മനസ്സിൽ ലഡു പൊട്ടിയതുപോലെ സരയു പറഞ്ഞു.

" കൊള്ളാം. ഇങ്ങനെ സ്വയം തീരുമാനിക്കാനായിരുന്നുവെങ്കിൽ ആദ്യമേ അതു പോരായിരുന്നോ എന്ന് രതീഷും.

" സരയൂ , നാളെ നമ്മൾ പോകുമ്പോൾ മണിക്കുട്ടിയുടെ കാര്യമെങ്ങനെ?"

" അടുത്തദിവസം തന്നെ നമ്മൾ തിരിച്ചെത്തുമല്ലോ. അതുവരെ അപ്പുറത്തെ ചേച്ചിയുടെ വീട്ടിൽ

ആക്കിയിട്ടു പോകാം."
സരയു നിസ്സാരഭാവത്തിൽ അങ്ങനെ പറഞ്ഞപ്പോൾ രതീഷ് :
" അതുവേണ്ട . കരഞ്ഞുവിളിച്ച് ബഹളം കൂട്ടും. നമുക്ക്
മണിക്കുട്ടിയെക്കൂടി കൊണ്ടുപോകാം.
പോകുന്ന വഴിയ്ക്ക് എൻ്റെ വീട്ടിൽ കൊണ്ടുചെന്നാക്കിയിട്ട്
റിസപ്ഷനു പോയാലോ?"
" ഹൊ! എനിക്കൊന്നും പറയാനില്ല. എവിടെ പോയാലും ഒരു
മണിക്കുട്ടി."
സരയു തൻ്റെ ഇഷ്ടക്കേട് അറിയിച്ചതിനു ശേഷം സാരി തിരയാൻ
തുടങ്ങി. .
ചെറിയൊരു നീരസത്തോടെ സരയു കാറിൻ്റെ മുൻ സീറ്റിൽ
ഇരുന്നു.
രതീഷ് പുറകിലത്തെ സീറ്റിൽ റബ്ബർ ഷീറ്റ് വിരിച്ച് മണിക്കുട്ടിക്ക്
സൗകര്യം ഒരുക്കുന്ന തിരക്കിനിടയിൽ
സരയുവിനോട് :
" മസ്ക്കാരയും ഫൗണ്ടേഷനുമൊക്കെ ഒരിഞ്ച്
കനത്തിലുണ്ടല്ലോ?"സരയു അത് കേൾക്കാത്ത ഭാവത്തിൽ :
" ഇനിയെങ്കിലുമൊന്ന് പോകാമോ?"
മണിക്കുട്ടീ.. അലമ്പൊന്നും കാട്ടരുതേ എന്നു പറഞ്ഞു കൊണ്ട്
അവളെ തട്ടിത്തടവിയിട്ട് കാറിൽ കയറി.
കാർ ഡ്രൈവ് ചെയ്യുമ്പോഴും രതീഷിൻ്റെ ശ്രദ്ധ മുഴുവൻ
മണിക്കുട്ടിയിൽ തന്നെയായിരുന്നു.
കുറച്ചു ദൂരം കഴിഞ്ഞപ്പോൾ മണിക്കുട്ടി ചിണുങ്ങിത്തുടങ്ങി.
റബ്ബർ ഷീറ്റിൽ കല്ലുമഴ പെയ്യുന്നതുപോലെ...
രതീഷ് കാർ റോഡരികിലേക്ക് നിർത്തി ചാടിയിറങ്ങി പുറകിലെ
ഡോർ തുറന്നതും മണിക്കുട്ടി പുറത്തേക്ക്
ഒറ്റച്ചാട്ടം.

" ഇവിടെ പാർക്ക ചെയ്യാൻ പറ്റില്ല.
ബസ്സ്റ്റോപ്പാണ്. കുറച്ചു താഴെ കൊണ്ടിട്ടു."
ഒരു പോലീസുകാരൻ വിളിച്ചു പറഞ്ഞു.
സരയൂ ..... ഒന്നിറങ്ങു ഞാൻ കാർ മുന്നോട്ടു പാർക്ക ചെയ്യട്ടേ എന്നു പറഞ്ഞു കൊണ്ട് രതീഷ്
സരയുവിൻ്റെ വശത്തെ ഡോർ തുറന്ന് മണിക്കുട്ടിയുടെ കയർ കൈയിലേക്കിട്ടുകൊടുത്തിട്ട് ഡ്രൈവിങ്
സീറ്റിലേക്ക് ഓടി.
പുറത്തിറങ്ങിയ മണിക്കുട്ടി സ്വർഗ്ഗം കിട്ടിയതുപോലെ തുള്ളിച്ചാടാൻ തുടങ്ങി.
എന്തു ചെയ്യണമെന്നറിയാതെ പരുങ്ങി നിൽക്കുന്ന സരയുവിൻ്റെ കാലിൽ മണിക്കുട്ടിയുടെ കയർ
കുരുങ്ങി. എങ്കിലും മണിക്കുട്ടി തുള്ളിച്ചാട്ടത്തിന് ഒരു കുറവും വരുത്തിയില്ല.
സരയു വെപ്രാളത്തോടെ, പട്ടുസാരിയിൽ ചുറ്റിയ കയർ മാറ്റുന്നതിനിടയിൽ ,
ആ നാട്ടിൻപുറത്ത് വല്ലപ്പോഴുമെത്തുന്ന ബസ് കൃത്യം അപ്പോൾത്തന്നെ അവിടെ എത്തി.
നാണക്കേടും ദേഷ്യവും സങ്കടവും കൊണ്ടവൾ തിരിഞ്ഞു നിന്നു.
നല്ല വീതി കസവുള്ള കാഞ്ചീപുരം സാരിയുടുത്ത്, പിച്ചിപ്പൂവൊക്കെ ചൂടി, സൂഫീ സ്റ്റോൺ പതിച്ച ചോക്കറും
അണിഞ്ഞ്, സ്വർണ്ണക്കായുടെ പരസ്യം പോലെ പ്രത്യക്ഷപ്പെട്ട്, ആടിനെയും പിടിച്ചു വലിച്ചു നിൽക്കുന്ന
സരയുവിനെ കണ്ട് ബസിലുണ്ടായിരുന്നവർ അത്ഭുതത്തോടെ ഊറിച്ചിരിച്ചു.
തുള്ളിച്ചാടുന്ന മണിക്കുട്ടിയുടെ പിടിവിട്ടാലോ എന്നു സരയു ചിന്തിച്ചു.

പിടിവിട്ടാൽപ്പിന്നെ മണിക്കുട്ടിയെ അടുത്ത പഞ്ചായത്തിൽ നിന്നേ പിടിക്കാൻ കഴിയൂ.

" സരയൂ , നീ ഇതിനെയും കൊണ്ട് എങ്ങോട്ട് ?"

ബസിൽ നിന്നും തല പുറത്തേക്കിട്ട് അയൽക്കാരി സാവിത്രിച്ചേച്ചി .

" ഹോ! കുശലം ചോദിക്കാൻ പറ്റിയ നേരം"സരയു പല്ലുഞെരിച്ചു കൊണ്ട് മനസ്സിൽ പറഞ്ഞു.

ഭാഗ്യം! ബസ് അപ്പോൾത്തന്നെ മുന്നോട്ടെടുത്തു.

കാർ ഒതുക്കിയിടാൻ പോയ ആൾ എങ്ങോട്ടു പോയി എന്നു ദേഷ്യത്തോടെ നോക്കു മ്പോൾ,

" കാനനഛായയിലാടുമേക്കാൻ

ഞാനും വരട്ടെയോ നിൻ്റെ കൂടെ

..........

ഒന്നാവനത്തിലെ കാഴ്ച കാണാൻ

എന്നേയും കൂടൊന്ന് കൊണ്ടുപോകൂ"

ബസ്സ്റ്റോപ്പിനടുത്തെ ചായക്കടയിൽ നിന്നൊരുത്തൻ നീട്ടിവലിച്ചു പാടുന്നു.

നാണക്കേടിൻ്റെ മഞ്ഞുമലയിൽപ്പെട്ട് സരയു തണുത്തു മരവിച്ചു നിൽക്കുമ്പോൾ,

നിന്നേയൊരിക്കൽ ഞാൻ കൊണ്ടുപോകാം

ഇന്നുവേണ്ടിന്നുവേണ്ട

ഡാഷു മോനേ....

എന്നു പാടിക്കൊണ്ട് രതീഷ്, കൈകൾ ചുരുട്ടി ഉരസി ,

കാനനഛായയിൽ നിന്നെ ഇപ്പോൾത്തന്നെ

കൊണ്ടുപോകാമെടാ യെന്നു പറഞ്ഞു കൊണ്ട് ചായക്കടയിലേക്കു കയറി.

# മില്ലുവിന്റെയും കൂട്ടുകാരുടെയും തെറ്റ്

ഒരിടത്തൊരിടത്ത് ഒരു കാട്ടിൽ അഞ്ച് കൂട്ടുകാർ ഉണ്ടായിരുന്നു. മില്ലു, ചിട്ടു, ടീനു, ചിന്നു, ലീനു. ഇവർ എല്ലാവരുംകൂടി കാട്ടിലെ ടീച്ചറമ്മയുടെ വീട്ടിൽ പഠിക്കാൻ പോവുകയായിരുന്നു അപ്പോൾ അവിടേയ്ക്ക് നീലു എന്നു പേരുള്ള ഒരു കുട്ടി കുറുക്കൻ അവരുടെ അടുത്തേയ്ക്ക് വന്നു. മില്ലുവിന് നീലു കുറുക്കനെ ഒട്ടും ഇഷ്ടമല്ല. അതുകൊണ്ടുതന്നെ നീലുവിനെ എപ്പോഴും അവൻ പരിഹസിക്കുകയും വിഷമിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് അവർ മില്ലുവായിട്ടുമുള്ള എല്ലാ കൂട്ടും നിർത്തി, അവനെ ഒറ്റപ്പെടുത്താൻ തുടങ്ങി. മില്ലുവിന് കൂട്ടുകാർ എന്നു പറഞ്ഞാൽ വളരെ ഇഷ്ടമാണ്. ഇവർ മിണ്ടാത്തതുകൊണ്ട് അവന് വളരെയധികം സങ്കടമായി. ഇങ്ങനെ ഇവർ മില്ലുവിനെ ഒറ്റപ്പെടുത്തുന്നതുകൊണ്ട് ടീച്ചറമ്മ കാര്യം തിരക്കി. അപ്പോൾ അവർ പറഞ്ഞു മില്ലുവിന്റെ ഈ സ്വഭാവം ആർക്കും ഇഷ്ടമല്ല എന്നും ഇവന്റെ ഈ സംസാരം കാരണം ആരുടെയൊക്കെയോ മനസ്സ് വിഷമിക്കുന്നുണ്ടെന്ന് അവൻ ചിന്തിക്കുന്നില്ല. അവൻ വളരെയധികം ബുദ്ധിശാലിയാണ് എന്നാൽ അതിനേക്കാൾ സ്വാർത്ഥനുമാണ്. ഇതുകൊണ്ടാണ്  ഞങ്ങൾ അവനോട് മിണ്ടാത്തതും അവനെ ഒറ്റപ്പെടുത്തുന്നതും. ഈ കാര്യങ്ങളറിഞ്ഞ ടീച്ചറമ്മ മില്ലുവിന്റെ അടുത്തേയ്ക്ക് പോയി. എന്നിട്ട് ടീച്ചറമ്മഅറിഞ്ഞ കാര്യങ്ങളെ കുറിച്ച് ചോദിച്ചു. ടീച്ചറമ്മയുടെ ഈ ചോദ്യങ്ങൾ കേട്ടപ്പോൾ അവന്റെ തെറ്റുകൾ അവന് മനസ്സിലായി അവൻ അവിടെയിരുന്ന് കരഞ്ഞു. ശേഷം മില്ലു കട്ടുകാരുടെ അടുത്തേക്ക് പോയി ക്ഷമ പറഞ്ഞ് കരഞ്ഞു. ഇതുകണ്ട കൂട്ടുകാർക്കും വളരെയധികം സങ്കടമായി. എന്നിട്ട് അവർ മില്ലുവിനോട് പറഞ്ഞു ` നീ ഞങ്ങളോടല്ല ക്ഷമ പറയേണ്ടത് , ക്ഷമ പറയാനുള്ളത്

നീലുവിനോടാണ് '. അൽപം മടിച്ചുകൊണ്ട് അവൻ നീലുവിനോട് ക്ഷമ പറഞ്ഞു. അപ്പോൾ ' എനിക്ക് നിന്നോട് ഒരു പിണക്കവുമില്ല ' എന്ന് നീലു പറഞ്ഞു. അങ്ങനെ അവിടേക്ക് ടീച്ചറമ്മ വന്നതിനു ശേഷം പറഞ്ഞു ' ഒരാളുടെ തെറ്റുകണ്ടാൽ നമ്മൾ തിരുത്താൻ ശ്രമിക്കുകയാണ് വേണ്ടത് . അതിനുപകരം പിണങ്ങിയാൽ അതാണ് വലിയ തെറ്റ് . നമ്മൾ തെറ്റുകണ്ടാൽ അതിനെ തിരുത്തി നേരായ വഴിക്ക് കൊണ്ടുവരാൻ ശ്രമിക്കണം . ഇവിടെ നിങ്ങൾ ഒരുപോലെ തെറ്റുചെയ്തിട്ടുണ്ട് . ഇതു നിങ്ങൾ മറന്ന് കൂട്ടുകാരാവണം '. അങ്ങനെ അവർക്ക് അവരുടെ തെറ്റുകൾ മനസ്സിലായി. ഇവർ വീണ്ടും കൂട്ടുകാരായി. അങ്ങനെ അവർ സന്തോഷത്തിൽ അവിടെ താമസിച്ചു.

ഗുണപാഠം : കൂട്ടുകാരെ, നിങ്ങൾക്ക് ഈ കഥ വായിച്ചപ്പോൾ എന്താണ് മനസ്സിലായത് ? നമ്മൾ ഒരാളുടെ തെറ്റ് കണ്ടാൽ ഒരിക്കലും അവരെ അവഗണിക്കരുത്. പകരം തെറ്റുതിരുത്തി അവരെ നേർവഴിക്ക് കൊണ്ടുവരാൻ ശ്രമിക്കുക.



അനുശ്രീ ആർ ജെ
ക്ലാസ്സ് : 8

# വിഷുക്കണി



വേനലുരുകിയുറഞ്ഞപോലെ
കണിക്കൊന്നകൾ പൂവിട്ടു !
ഏതോ സുവർണ്ണകാലത്തിൻ
ഓർമ്മയും പേറി നിൽപ്പൂ.......
വെയിൽ വിളയാടുമീവയലേലയാകെ
വീണ്ടു വിളറി കിടക്കുമീ......
ഉള്ളിൽ നിറയുമീ വേദനകൾക്കിന്ന്
തെല്ലൊരാശ്വാസമായി പൂക്കൾ
കഥകൾ പറയുവാനേറെയുണ്ടീമര_
ക്കൊമ്പുകൾ തലയാട്ടി നിൽപ്പൂ......
കാലം കടലെടുത്തായുഗത്തിൽ
ഇവിടെയോടിക്കളിച്ച കാർവർണ്ണൻ
ആ കണ്ണന്റെ അരയിലെപൊന്നര -
ഞ്ഞാണത്തിൽ മിന്നിയ മുത്തുകൾ,
ഈ പൂവുകൾ
അന്നു കൊടുത്തൊരാ നൽവരം
ഈ മരക്കൊമ്പിലോ പൂക്കളായ് മാറി!
എത്തി വിഷുക്കിളി മേടമാസക്കൊമ്പിൽ
ഇത്തിരിനേരമിരുന്നു പാടി
വിത്തുംകൈക്കോട്ടും പാടിമറഞ്ഞവൾ
എത്തുന്നതും കാത്ത് ഞാനിരുന്നു.......

ഇനി വരും നാളെകൾ സമ്പൽ സമൃദ്ധി
തൻ നാളുകളായി മാറിടാൻ
കൊന്ന പൂക്കളും കാഴ്ച ഫലങ്ങളും പൊൻ നാണയങ്ങളും
മയിൽപ്പീലിയും
പുത്തൻ പുടവയും വാൽകണ്ണാടിയും
കണ്ണന്റെ മുന്നിലൊരുക്കിവച്ച്
കണ്ണിന് നിറവോടെ കണി കാണാൻ...



ലീന എസ്
കാഞ്ഞിരംകുളം

# രണ്ടു സുഹൃത്തുക്കൾ

ഒരിക്കൽ രണ്ടു കൂട്ടുകാർ മരുഭൂമിയിൽ കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ യാത്രയുടെ ഇടയിൽ ഒരു തർക്കത്തെ തുടർന്ന് ഒരു കൂട്ടുകാരൻ മറ്റൊരു കൂട്ടുകാരനെ തല്ലി . അടികൊണ്ട കൂട്ടുകാരന് ഒരുപാടു വേദനിച്ചു. പക്ഷെ അവൻ ഒന്നും പറഞ്ഞില്ല മറിച്ച് ആ മണലിൽ എഴുതി എന്റെ കൂട്ടുകാരൻ എന്റെ മുഖത്തു അടിച്ചു. അങ്ങനെ അവർ വീണ്ടും യാത്ര തുടർന്നു. യാത്രയുടെ ഇടയിൽ അവർക്കു മരുപ്പച്ച കണ്ടെത്താൻ സാധിച്ചു. അങ്ങനെ അവർ രണ്ടാളും അതിൽ വെള്ളം കുടിക്കാൻ ഇറങ്ങിയപ്പോൾ ആദ്യം അടികൊണ്ട കൂട്ടുകാരൻ ചളിക്കുഴിയിൽ വീണു മുങ്ങാൻ തുടങ്ങി . പക്ഷെ അവന്റെ കൂട്ടുകാരൻ അവനെ രക്ഷിച്ചു . ആ ഒരു ഷോക്കിൽ നിന്ന് അവൻ തിരിച്ചു വന്ന ശേഷം അവിടെ ഉള്ള ഒരു കല്ലിൽ അവൻ എഴുതി , ഇന്ന് എന്റെ പ്രിയ കൂട്ടുകാരൻ എന്റെ ജീവൻ രക്ഷിച്ചു. അവനെ അടിച്ചതും അവനെ രക്ഷിച്ചതുമായ ആ പ്രിയ കൂട്ടുകാരൻ അവനോടു ചോദിച്ചു : ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ അത് മണലിൽ എഴുതി എന്നാലിപ്പോൾ ഞാൻ നിന്നെ രക്ഷിച്ചത് നീ കല്ലിൽ എഴുതിയത് . കൂട്ടുകാരൻ മറുപടി പറഞ്ഞു ആരെങ്കിലും നമ്മളെ വേദനിപ്പിക്കുമ്പോൾ അത് നമ്മൾ മണലിൽ എഴുതണം. അവിടെയാകുമ്പോൾ ക്ഷമാശീലമുള്ള കാറ്റിന് അതിനെ മായ്ച്ചുകളയാൻ സാധിക്കും. പക്ഷെ ആരെങ്കിലും നമുക്ക് നല്ലതു ചെയ്താൽ അത് നമ്മൾ കല്ലിൽ കൊത്തിവയ്ക്കണം. ഒരു കാറ്റിനും മായ്ക്കാൻ പറ്റാത്തതുപോലെ. നമ്മുടെ കൂട്ടുകാർക്ക് ഒരേ സമയം നമ്മളെ സന്തോഷിപ്പിക്കാനും കണ്ണുകൾ നിറക്കാനും

കഴിയും. അത് നമ്മളെ ഇഷ്ടമില്ലാത്തതുകൊണ്ട് അല്ല നമ്മൾ അത്രമേൽ പ്രിയപ്പെട്ടവരായതുകൊണ്ടാണ്. നമ്മൾ കൂടുതൽ സ്വാതന്ത്ര്യം കൊടുക്കുന്നതും സ്വാതന്ത്രത്തോടെ പെരുമാറുന്നത് നമ്മുടെ നല്ല കൂട്ടുകാരോടാണ് . നമ്മുടെ ജീവിതത്തിൽ സന്തോഷവും സങ്കടവും ഉണ്ട് അതിൽ നമ്മുടെ കൂടെ നിൽക്കുന്നത് നമ്മുടെ കൂട്ടുകാരനാണ.



അക്ഷയ ഋഷികേശ്
8 A

# മലിന ഭൂമി

മലിനമാക്കരുത് എന്നെ ആരും
ഭൂമിയും എന്നെ ആരും
കുന്നുകൂടി മലിനങ്ങൾ താങ്ങി
മലിനഭൂമിയായ് വാഴ്ക ഞാനിപ്പോൾ
നിങ്ങൾ നീന്തി തുടിച്ച പുഴയിൽ
നിങ്ങളാൽ മാലിന്യമായി
പ്ലാസ്റ്റിക് എന്ന മാലിന്യവസ്തു
വന്നതോടെ ഭൂമി തേങ്ങി
ദ്രോഹമാണ് ചെയ്യുന്നത് എന്നിൽ
കൊച്ചുമക്കളാം നിങ്ങൾ പോലും
പ്ലാസ്റ്റിക് എന്ന മാലിന്യ വസ്തു
ഉപേക്ഷിക്കു എന്നു പറയു
നിങ്ങൾ തൻ അമ്മയും ഈ ഭൂമി
നിങ്ങൾ തൻ സ്വർഗ്ഗമാം ഈ ഭൂമി
പ്ലാസ്റ്റിക് വിമുക്ത ഭൂമി

ആദർശ് ജി എസ്
ക്ലാസ്സ് : 6


# കൂട്ടുകാർ വരച്ച ചിത്രങ്ങൾ



# കുട്ടികൾ വരച്ച ചിത്രങ്ങൾ



# SSLC Result 2024 - 25



# USS Result 2024 - 25



# ലിറ്റിൽ കൈറ്റ്സ് നേട്ടം



**ലിറ്റിൽ കൈറ്റ്സ് അനിമേഷൻ വിഭാഗത്തിൽ ജില്ലാതല ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജോയൽ എസ് ഡി**

# ചെസ്സിൽ നേട്ടവുമായി സന്തുഷ് ബി ഷിബു



മഹാരാഷ്ട്ര നന്ദേടിൽ നടന്ന 68-ാം നാഷണൽ സ്കൂൾ ഗെയിംസിൽ ചെസ്സ് സബ്ജൂനിയർ ബോയ്സ് കാറ്റഗറിയിൽ സന്തുഷ് വെള്ളി മെടൽ നേടി. ലിറ്റിൽ കൈറ്റ്സ് വിദ്യാർഥി കൂടിയായ സന്തുഷ് ലിറ്റിൽ കൈറ്റ്സിന് അഭിമാനമായി മാറി. നെയ്യാറ്റിൻകര എം.എൽ.എ ശ്രീ.ആൻസലന്റെ നേതൃത്വത്തിൽ സന്തുഷിന്റെ ക്ലാസ്സിലെ കുട്ടികളും ഹെഡ്മാസ്റ്റർ അധ്യാപകരും സ്കൂൾ ഗേറ്റിൽനിന്ന് സന്തുഷിനെ സ്വികരിച്ചു. സ്കൂൾ അസംബ്ലിയിൽ സന്തുഷിനെ ആദരിച്ചു.

# Little Kites 2024 - 27 Batch



# Little Kites 2023 - 26 Batch



# Little Kites 2022 - 25 Batch



# SPC Cadets 2023 - 26 Batch




# SPC Passing out cadets



# NCC Cadets 2023 - 26 Batch






# പ്രവേശനോത്സവം 2024 - 25







# സ്കൂൾ അസംബ്ലി







# Welcome to School Kalolsavam page






# School olympics










Shot on motorola edge 40
shine vs
5 Aug 2024, 10:08 am




ONLY
HOPE

# പരിസ്ഥിതി ദിനാഘോഷം






ENVIRONMENT
Save The EARTH
SAVE WATER
REDUCE REUSE RECYCLE
SAVE ANIMALS
PLANT TREES
STOP PO TION
ENVIRONMENT DAY POSTURE SAVE NATURE
WORLD ENVIRONMENT DAY JUNE 05


# പോസ്റ്റർ രചനാ മത്സരവും പ്രദർശനവും







ADARSH


ജൂലൈ 5

# കേരളപിറവി ദിനാഘോഷം







# നന്ദി